# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5269 — 27.07.15 ൽ - മറുപടിക്ക്

## <u>കോട്ടച്ചേരി വെൽഫെയർ കോ-ഓപ്പറേറ്റീവ് സ്റ്റോർസിന്റെ പേരിലുള്ള റേഷൻകടകൾ</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. എൻ.എ. നെല്ലിക്കുന്ന് : | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) ഹോസ്ദുർഗ്ഗ് താലൂക്കിലെ കോട്ടച്ചേരി വെൽഫെയർ കോ-ഓപ്പറേറ്റീവ് സ്റ്റോർസ് എന്ന സ്ഥാപനത്തിന്റെ പേരിൽ മുമ്പ് റേഷൻകടകൾക്ക് അംഗീകാരം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ ; | (എ) ഉണ്ട്. 14 റേഷൻ കടകൾ നടത്തുന്നതിന് അംഗീകാരം നൽകിയിരുന്നു. പ്രസ്തുത റേഷൻ കടകൾ നടത്തുന്നതിന് നിയമപ്രകാരമുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റുകളും ഉടമ്പടികളും സമർപ്പിച്ചിട്ടുണ്ട്. കൂടാതെ കാലാകാലങ്ങളായി ലൈസൻസുകൾ പുതുക്കി വരുന്നുമുണ്ട്. |
| (ബി) പ്രസ്തുത സ്ഥാപനത്തിന്റെ പേരിൽ നിലവിൽ ഏതെങ്കിലും റേഷൻകടയ്ക്ക് അംഗീകാരം ഉണ്ടോ; എങ്കിൽ ഇല്ലാത്ത സ്ഥാപനത്തിന്റെ പേരിൽ അംഗീകാരം നൽകിയത് ക്രമക്കേടാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ നിയമാനുസൃത നടപടി സ്വീകരിക്കുമോ? | (ബി) ഉണ്ട്. നിലവിൽ 13 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ട്. എ.ആർ.ഡി. 39, 140, 141, 143, 120, 121, 122, 183, 145, 23, 21, 146, 139 എന്നീ നമ്പറിലുള്ള എ.ആർ.ഡി.കൾ പ്രവർത്തിക്കുന്നുണ്ട്. ടി റേഷൻ കടകൾക്ക് അംഗീകാരം നൽകിയത് ക്രമക്കേടാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കോട്ടച്ചേരി വെൽഫെയർ കോ-ഓപ്പറേറ്റീവ് സ്റ്റോർസ് എന്ന സ്ഥാപനം നിലവിലില്ലായെന്ന് സഹകരണ വകുപ്പ് അധികാരികളോ, സൊസൈറ്റി സെക്രട്ടറിയോ നാളിതുവരെ പൊതുവിതരണ വകുപ്പിനെ അറിയിച്ചിട്ടില്ല. |

Beena

*സെക്ഷൻ ഓഫീസർ*